# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 6471 11.07.2012 -ൽ മറുപടിയ്ക്ക്**

**മാറാട് സംഭവം സംബന്ധിച്ച അന്വേഷണം**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ എളമരം കരീം<br>ശ്രീ വി. ചെന്താമരാക്ഷൻ<br>ശ്രീ കെ. രാധാകൃഷ്ണൻ<br>ശ്രീ എ. പ്രദീപ് കുമാർ | ശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ്മന്ത്രി) |
| എ) ജുഡീഷ്യൽ അന്വേഷണ കമ്മീഷൻ ശുപാർശ പ്രകാരമുള്ള മാറാട് സംഭവം സംബന്ധിച്ച അന്വേഷണം നടക്കാത്തതിനാൽ ഇത് പ്രത്യേക അന്വേഷണ സംഘത്തെ ഏല്പിച്ചിട്ടുണ്ടോ ; | (എ) ഏല്പിച്ചിട്ടുണ്ട്. |
| ബി) ആരുടെ മേൽനോട്ടത്തിലാണ് അന്വേഷണം നടന്നുവരുന്നത് ; സംഘത്തിൽ ആരൊക്കെയുണ്ട് ; ആരെയെല്ലാം ഇതിനകം ചോദ്യം ചെയ്യുകയുണ്ടായി ; അന്വേഷണ സംഘത്തിൽ നിന്ന് ആരെയൊക്കെ മാറ്റുകയുണ്ടായി ; | (ബി) ക്രൈംസ് വിഭാഗം അഡീഷണൽ പോലീസ് ഡയറക്ടർ ജനറലിന്റെ മേൽനോട്ടത്തിലാണ് അന്വേഷണം നടന്നുവരുന്നത്.<br><br>താഴെപ്പറയുന്ന ഉദ്യോഗസ്ഥരാണ് പ്രത്യേക അന്വേഷണ സംഘത്തിൽ ഉള്ളത്.<br><br>1. പി. എ. വൽസൻ, എസ്. പി., സിബിസിഐഡി, ഇ.ഒ.ഡബ്ല്യു- III<br>2. ജി. സാബു, ഡി.വൈ.എസ്.പി.<br>3. ജയ്സൺ കെ. അബ്രഹാം, ഡി.വൈ.എസ്.പി.<br>4. വി. കെ. അബ്ദുൾ ഖാദർ, സി. ഐ.<br>5. എ. ജെ. ബാബു, സി. ഐ.<br>6. അബ്ദുൾ കരീം, എസ്. ഐ.<br>7. അലവി, എസ്.ഐ.<br>8. വിജയൻ, ഗ്രേഡ് എ.എസ്.ഐ.<br>9. ജയപ്രകാശ്, ഗ്രേഡ് എ.എസ്. ഐ.<br>10. പ്രസാദ്, ഗ്രേഡ് എ.എസ്. ഐ.<br>11. ശശിധരൻ, സി. പി. ഒ.<br>12. മോഹൻദാസ്, സി. പി. ഒ.<br>13. വിനോദ്, ഡ്രൈവർ സി. പി. ഒ.<br>14. അജേഷ്, ഡ്രൈവർ സി. പി. ഒ.<br><br>184 സാക്ഷികളെ ചോദ്യം ചെയ്ത് മൊഴി രേഖപ്പെടുത്തിയിട്ടുണ്ട്.<br><br>പ്രത്യേക അന്വേഷണ സംഘത്തിലെ മുഖ്യ അന്വേഷണ ഉദ്യോഗസ്ഥനായിരുന്ന ശ്രീ സി. എം. പ്രദീപ് കുമാർ കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷനിലേക്ക് ഡെപ്യൂട്ടേഷൻ മുഖാന്തിരം പോയതിനെത്തുടർന്ന് അദ്ദേഹത്തിനു പകരമായി |

സി.ബി.സി.ഐ.ഡി. പോലീസ് സൂപ്രണ്ട് ശ്രീ പി. എ. വൽസനെ മുഖ്യ അന്വേഷണ ഉദ്യോഗസ്ഥനായി സർക്കാർ നിയമിച്ചിട്ടുണ്ട്.

(സി) അന്വേഷണം സി. ബി. ഐ. ക്ക് കൈമാറണം എന്നാവശ്യപ്പെട്ടു കൊണ്ടുള്ള റിട്ട് പെറ്റീഷനുകളിൽ സർക്കാർ സ്വീകരിച്ച നിലപാട് എന്താണ് ; സത്യവാങ്മൂലത്തിന്റെ പകർപ്പ് സഭയിൽ ലഭ്യമാക്കാമോ ?

(സി) സി.ബി.ഐ. അന്വേഷണം വേണമെന്ന സംസ്ഥാന സർക്കാരിന്റെ ആവശ്യം കേന്ദ്ര സർക്കാർ നിരസിച്ച സാഹചര്യത്തിൽ അന്വേഷണം ക്രൈംസ് വിഭാഗം അഡീഷണൽ പോലീസ് ഡയറക്ടർ ജനറലിന്റെ മേൽനോട്ടത്തിലുള്ള ഒരു പ്രത്യേക അന്വേഷണ സംഘത്തെ ഏല്പിച്ചിട്ടുണ്ടെന്ന വിവരം ബഹു. കേരള ഹൈക്കോടതിയെ അറിയിച്ചിട്ടുണ്ട്. പ്രസ്തുത സംഘം അന്വേഷണം നടത്തിവരുന്നതിനാൽ സി.ബി.ഐ. അന്വേഷണം ആവശ്യപ്പെട്ടുകൊണ്ടുള്ള റിട്ട് ഹർജിയിലെ ആവശ്യം പരിഗണനാർഹമല്ലെന്ന നിലപാട് സർക്കാർ സ്വീകരിച്ചിട്ടുണ്ട്. സത്യവാങ്മൂലത്തിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**

സെക്ഷൻ ഓഫീസർ